PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

78589

First Session—1964

Thursday, the 12th March 1964.

TheAssembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 12th March 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഭവന നിർമ്മാണത്തിനുള്ള ധനസഹായം

* 656. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1961–62, 1962–63 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടിക ജാതിപട്ടിക വർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകാൻ ഗവണ്മെന്റ് നിശ്ചയിച്ചിരുന്നു; ഓരോ വർഷവും എത്ര വീതം;

(ബി) 1961-62 സാമ്പത്തിക വർഷത്തിൽ വീടുപണി പൂർത്തിയാക്കി ഫൈനൽ ബിൽ വാങ്ങിയവർ എത്ര; 1962–63–ൽ എത്ര;

(സി) ഭാഗികമായി പണം പറ്റുകയും കെട്ടിടംപണി പൂർത്തിയാക്കാതിരിക്കുകയും ചെയ്തിട്ടുള്ളവർ എത്ര:

(ഡി) ഇവർ കെട്ടിടംപണി പൂർത്തിയാക്കാതിരിക്കാനുള്ള കാരണങ്ങളെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 1961–62–ൽ 600, 1962-1963–ൽ 709 കുടുംബങ്ങൾക്ക് ആയിരം രൂപ വീതം ഭവന നിർമ്മാണത്തിനുവേണ്ടി ധനസഹായംചെയ്യാൻ ഗവണ്മെന്റു നിശ്ചയിച്ചിരുന്നു.

(ബി) 1962–ൽ 341 ആളുകളും 1963–ൽ 387 ആളുകളും വീടുപണി പൂർത്തിയാക്കി ഫൈനൽ ബിൽ വാങ്ങി.

(സി, ഡി) 579. കെട്ടിടങ്ങളുടെ പണി പൂർത്തിയാകാതിരിക്കുന്നതിനുള്ള കാരണങ്ങളെപ്പറ്റി അന്വേഷിച്ചു വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി എടുക്കണമെന്നു ജില്ലാ ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ: അറുനൂറു എഴുനൂറു വീടുകളുടെ പണിയുടെ ാനുള്ള സാമ്പത്തിക സഹായം തീർന്നതുകൊണ്ടു് ഈ വീടുകളും പകുതി പണിചെയ്തു് കിടക്കുകയാണെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള വീടുകളും ഏറ്റവും വേഗത്തിൽ പൂർത്തിയാക്കുവാൻ വേണ്ട ധനസഹായം ചെയ്യുമോ?

ശ്രീ. കെ. കുഞ്ഞമ്പു: പകുതിയായിക്കിടക്കുകയല്ല. മിക്ക വീടുകളിലും ആളുകൾ താമസിക്കുന്നുണ്ടു്. ആദ്യത്തെ ഘട്ടം ഇരുനൂറു രൂപ കൊടുക്കും. അതിന്റെ പണി പൂർത്തിയാകുമ്പോൾ രണ്ടാമത്തെ ഗഡുവായ അഞ്ഞൂറു രൂപ കൊടുക്കും. അതുവച്ചു പണി പൂർത്തിയാകുമ്പോൾ അവസാനത്തെ ഗഡുവായ നൂറുരൂപ കൊടുക്കും. ഇത്രയും രൂപ ഉപയോഗിച്ചു വീടു പൂർത്തിയായതിനുശേഷം പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിൽനിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റു ഹാജരാക്കിയാൽ മാത്രമേ ബാക്കിയുള്ള നൂറുരൂപ വെള്ളയടിക്കുന്നതിനും പൂശുന്നതിനും മറ്റു അറ്റകുറ്റപ്പണികളും ചെയ്യുന്നതിനുമായി നൽകുകയുള്ളൂ. അങ്ങനെ മിക്ക വീടുകളുടേയും കംപ്ലീഷൻ സർട്ടിഫിക്കറ്റു ഹാജരാക്കാത്തതുകൊണ്ടു് അതെല്ലാം വെള്ള പൂശാതേയും മറ്റു അറ്റകുറ്റപ്പണി ചെയ്യാതേയും കിടക്കുന്നുണ്ടു്. മിക്ക വീടുകളിലും കുടുംബങ്ങൾ താമസിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയുള്ള വീടുകളാണു് പൂർത്തിയാകാത്ത മിക്കതും.

ശ്രീ സി. കെ. ബാലകൃഷ്ണൻ: വീടുപണി പൂർത്തിയാകാതിരിക്കുന്നതിനുള്ള ഒരു കാരണം ഇതിനു ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിറ്റിയിലെ അംഗങ്ങൾ അഴിമതി കാണിച്ചിട്ടുള്ളതാണെന്നു ഒരു ആരോപണം ഉണ്ടായിട്ടുണ്ടു്. ഇതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇതിനെപ്പറ്റി ഇതിനുമുമ്പു ഒരു തവണ ഈ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണു്. ചില മെമ്പറന്മാരെ സംബന്ധിച്ചു ഇവിടെ ആരോപണങ്ങളും ഉണ്ടായിട്ടുണ്ടു്. അന്വേഷിച്ചപ്പോൾ അതെല്ലാം അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞിട്ടുണ്ടെന്നും ഈ സഭയിൽ വ്യക്തമായി മറുപടി പറഞ്ഞിട്ടുള്ളതാണു്.

ശ്രീ കെ. കൃഷ്ണൻ: അഡ്വൈസറി കമ്മീഷനിലെ മെമ്പറന്മാരായ കൊന്ത, പൊന്നുസ്വാമി ഈ രണ്ടുപേരുടേയും പേരിൽ അന്വേഷണം നടത്തണമെന്നു അഡ്വൈസറി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടു്. അതിന്റെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: 1957–58 ൽ കൊന്ത അഡ്വൈസറി കമ്മിറ്റിയിലെ മെമ്പർ ആയിരുന്നു അന്വേഷണം നടത്തി അതു ശരിയല്ല എന്നു കണ്ടു. പൊന്നുസ്വാമി 1957-58 ലെ അഡ്വൈസറി കമ്മിറ്റിയിലെ മെമ്പർ ആയിരുന്നു. അദ്ദേഹം സുഖക്കേടു പിടിപെട്ടു മരണപ്പെട്ടുകഴിഞ്ഞു. അതുകൊണ്ടു് അന്വേഷണം വേണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കണ്ണൂർജില്ലയിൽ കൊടുത്തിട്ടുള്ള വീടുകളും എത്രയാണെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിന്റെ കണക്കുകളും എന്റെ കൈവശമുണ്ടു്. ഈ കഴിഞ്ഞവർഷം കണ്ണൂർ ജില്ലയിൽ കൊടുത്ത വീടുകളുടെ എണ്ണം 11 ആണു്. ടൈബ്രേക്കുകൾക്കുവേണ്ടി 21 വീടുകളും അലോട്ടുചെയ്തിട്ടുണ്ടു്.

ശ്രീ. ഒ. കോരൻ: കണ്ണൂർ ജില്ലയിൽ പേരാവൂർ എന്ന സ്ഥലത്തു് നിരിവഴ്ക്കാരുടെ വീടുകളുടെ കൂരകളും മേയാതെ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയാണു്.

മി. സ്പീക്കർ: ഈ ചോദ്യം പലതവണ ചോദിച്ചിട്ടുണ്ടു്.

ശ്രീ. ഒ. കോരൻ: അതിനെപ്പറ്റി അന്വേഷിച്ചു ഏറ്റവും വേഗം കൊടുക്കുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനു ശേഷം അലോട്ടുചെയ്തുകൊടുത്തിട്ടുള്ള വീടുകളല്ല ഇവ. ഇതിനു മുമ്പിരുന്ന ഗവണ്മെന്റു 50 രൂപ വച്ചു ധനസഹായം ചെയ്തിട്ടുള്ള വീടുകളാണിവ. ഇതേപ്പറ്റി അന്വേഷിക്കാം. അനേകം വീടുകളും മലയോരപ്രദേശത്തുള്ളവയായതുകൊണ്ടു് ടൈബ്യൂസിനു കൊടുക്കുന്ന വീടുകൾക്കു ആയിരം രൂപ മതിയാകുകയില്ല എന്നു മനസ്സിലാക്കി ഈ സംഖ്യ വർദ്ധിപ്പിച്ചുകൊടുക്കുവാൻ ആലോചിക്കുന്നുണ്ടു്.

ശ്രീ. വി. പി. സി. തങ്ങൾ: ഈ തുക മതിയാകാതെ വരുന്നതുകൊണ്ടു വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. എന്നാൽ ഇതു തന്നെയും ലഭിക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെന്റു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? പാലക്കാട്ടു ജില്ലയിൽ പലയിടത്തും ഈ തുക കിട്ടാതെ പോകുന്നുണ്ടു്.

ശ്രീ. കെ. കുഞ്ഞമ്പു: പാലക്കാട്ടു ജില്ലയിൽ മാത്രമല്ല കൊല്ലവും അലോട്ടു ചെയ്യുന്നുണ്ടു്. കഴിഞ്ഞകൊല്ലം 50 വീടുകൾ അലോട്ടു ചെയ്തുകഴിഞ്ഞിട്ടുണ്ടു്. 20 വീടുകൾ ടൈബ്യൂസിനു് വിട്ടുകൊടുത്തിട്ടുണ്ടു്. താലൂക്കടിസ്ഥാനത്തിൽ അഡൈസറി കമ്മിറ്റി ജനസംഖ്യാനുപാതികമായി തീരുമാനിക്കുന്നതിൽ ഏതെങ്കിലും പ്രത്യേകമായി കിട്ടാതിരിക്കുന്നുവെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: നിശ്ചിത കാലയളവിനുള്ളിൽ പണി തീർക്കാത്തതായ കെട്ടിടങ്ങളുടെ പണി പിന്നീടു് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റു ഹാജരാക്കുകയാണെങ്കിൽ ഈ പണം കൊടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: 1961—62—ൽ മൂന്നു ഇൻസ്റ്റാൾമെന്റു വാങ്ങി കെട്ടിടം പൂർത്തിയാക്കിയിട്ടു താമസിക്കുകയും പിന്നീടു് കംപ്ലീഷൻ സർട്ടിഫിക്കറ്റു കൊണ്ടുതരികയും ചെയ്യുവർക്കു് ബാക്കിതുക കൊടുത്തിട്ടുണ്ടു്. അതുപോലെ ഏതെങ്കിലും കാലഘട്ടങ്ങളിലെ തുക പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റു വാങ്ങിക്കൊണ്ടു വരികയാണെങ്കിൽ തിരിയെ തരുന്നതിനു് ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

സി. കെ. ബാലകൃഷ്ണൻ: പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റു കിട്ടുന്നതിനു കാലതാമസം വരുന്നു എന്നുള്ളതിനെ പരിഗണിച്ചു ഓരോ പഞ്ചായത്തിലേയും ബ്ലോക്കുകളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ഇങ്ങനെ സർട്ടിഫിക്കറ്റു് നൽകാനുള്ള അധികാരം നൽകുമോ?

ശ്രീ. കെ. കുഞ്ഞമ്പു: വീടുകൾ പൂർത്തിയാകാതെ കംപ്ലീഷൻ സർട്ടിഫിക്കറ്റു തരാൻ സാധിക്കുകയില്ല. സാധാരണ നടന്നു വരുന്നതു 900 രൂപകൊണ്ടു വീടു പൂർത്തിയാക്കും, ബാക്കി ചില ചില്ലറ ജോലികൾ ഒന്നും ചെയ്യാതെ അവർ കയറി താമസിക്കുകയാണു് ചെയ്യുന്നതു്. വീടു പൂർത്തിയായിട്ടും കംപ്ലീഷൻ സർട്ടിഫിക്കറ്റു കൊടുക്കുന്നതിൽ ഇഞ്ചിനീയർമാർ വൈമനസ്യം കാണിക്കുന്നുവെങ്കിൽ തക്കതായ നടപടി സ്വീകരിക്കാം. ബ്ലോക്കിലെ ഉദ്യോഗസ്ഥന്മാരെ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോയെന്നു പരിശോധിക്കാം.

കേരള പബ്ലിക്കു് സർവ്വീസു് കമ്മിഷൻ

* 657. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്കു് സർവ്വീസു് കമ്മിഷനിൽ ആകെയുള്ള അംഗങ്ങൾ എത്ര;

(ബി) ഇവരുടെ ഓരോരുത്തരുടേയും കാലാവധി എന്നുവരെയാണെന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly